"ഭരണഭാഷ-മാതൃഭാഷ"

**No.DWCD/5443/2022-E9**

വനിതാ ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,പൂജപ്പുര,തിരുവനന്തപുരം

തീയതി : **23-10-2024**

**E-Mail:directorate.wcd@kerala.gov.in**
**Phone No.0471–2346534**

## <u>വിജ്ഞാപനം</u>

വിഷയം:- വനിതാ ശിശുവികസന വകുപ്പ് – ജീവനക്കാര്യം- ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ നിയമനം - അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന:- സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ **14/03/2019**-ലെ – എ**1/21/2019**/സാ.നീ.വ നമ്പർ കത്ത്.

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പ്പര്യമുള്ള വനിതാ ശിശുവികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർ/ ശിശുവികസന പദ്ധതി ഓഫീസർമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ആലപ്പുഴ, കണ്ണൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പര്യമുള്ള മേൽ പറഞ്ഞ തസ്തികയിലുള്ള ജീവനക്കാർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ (നിയമനം നേടാൻ ആഗ്രഹിക്കുന്ന ജില്ല അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം) കൺട്രോളിംഗ് ഓഫീസർ മുഖാന്തിരം ഈ വിജ്ഞാപന തീയതി മുതൽ ഏഴ് പ്രവർത്തി ദിവസത്തിനകം (ഇ-മെയിൽ- **wcdestablishment2017@gmail.com**) വനിതാ ശിശുവികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത മാതൃകയിൽ അല്ലാത്തതും സമയ പരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

Signed by
Haritha V Kumar
Date: 24-10-2024 16:09:55

വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും

<u>പകർപ്പ്</u>:-

1. സൂപ്രണ്ട്, ഐറ്റി സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ / സ്പെയർ